# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *408 — 26-06-2014 -ൽ മറുപടിക്ക്

## പ്രകൃതി ദുരന്ത സാധ്യതാ ഭൂപടം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീമതി. ഇ. എസ്. ബിജിമോൾ<br>ശ്രീ. സി.ദിവാകരൻ<br>ശ്രീ. മുല്ലക്കര രത്നാകരൻ<br>ശ്രീ. കെ. രാജു | | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് പ്രകൃതിദുരന്ത സാധ്യതാ ഭൂപടം സെസ് തയ്യാറാക്കി സമർപ്പിച്ചതെന്നാണ്; ഇതിന്റെ അടിസ്ഥാനത്തിൽ ഇതു വരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | പ്രകൃതിദുരന്ത സാധ്യതാ ഭൂപടം സെസ് തയ്യാറാക്കി 2011 ൽ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത ഭൂപടങ്ങൾ ദുരന്ത നിവാരണ അതോറിറ്റി വെബ്സൈറ്റായ www.sdma.kerala.gov.in -ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത ഭൂപടത്തിൽ നിന്ന് വില്ലേജ് തിരിച്ച് ദുരന്തസാധ്യതകളുടെ ഒരു പട്ടിക തയ്യാറാക്കി അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രം 2013-ജൂൺ മാസത്തിൽ എല്ലാ ജില്ലാ കളക്ടർമാർക്കും നൽകുകയും ദുരന്ത സാധ്യതാ പ്രദേശങ്ങളിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ഓരോ വില്ലേജിലും ഉരുൾപൊട്ടലിനും വെള്ളപ്പൊക്കത്തിനും തീരശോഷണത്തിനും ഉള്ള സാധ്യതയും ഭൂമികുലുക്കമോ ഇടിമിന്നൽ ദുരന്തമോ ഉണ്ടായിട്ടുണ്ടോ എന്ന വിവരവും പ്രസ്തുത പട്ടികയിൽ നൽകിയിട്ടുണ്ട്. നിലവിൽ ജില്ലാ കളക്ടർമാർക്ക് നൽകുന്ന മുന്നറിയിപ്പുകളും മഴക്കാലപൂർവ്വ തയ്യാറെടുപ്പ് യോഗങ്ങളും പ്രസ്തുത ഭൂപടം മുൻനിർത്തിയാണ്. ഫയർ & റസ്ക്യൂ, പോലീസ്, സംസ്ഥാന ദുരന്ത പ്രതികരണ സേന, ദേശീയ ദുരന്ത പ്രതികരണ സേന എന്നിവർക്ക് ഈ ഭൂപടത്തിന്റെ കോപ്പികൾ ലഭ്യമാക്കിയിട്ടുണ്ട്. ഈ ഭൂപടങ്ങളുടെകൂടി സഹായത്തോടെയാണ് ജില്ലാതല ദുരന്ത നിവാരണ പ്ലാനുകൾ തയ്യാറാക്കിക്കൊണ്ടിരിക്കുന്നത്. |
| (ബി) | പ്രകൃതിദുരന്തത്തിന്റെ പരിധിയിൽ എന്തെല്ലാമാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്നും ദുരന്തങ്ങൾ നേരിടുന്നതിന് എന്തെല്ലാം മുന്നൊരുക്കങ്ങളാണ് ഇതിനകം തയ്യാറാക്കി കഴിഞ്ഞിട്ടുള്ളതെന്നും വെളിപ്പെടുത്തുമോ? | (ബി) | ചുഴലിക്കാറ്റ്, വരൾച്ച, ഭൂമികുലുക്കം, തീപിടുത്തം, വെള്ളപ്പൊക്കം, സുനാമി, ആലിപ്പഴവർഷം, ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, പാറനിരങ്ങൽ, പാറവീഴ്ച, ശൈത്യതരംഗം, ഹിമഘാതം, ഹിമപാതം, കൃഷിയിടങ്ങളിലെ വ്യാപകമായ കീടബാധ, മേഘസ്ഫോടനം എന്നിവയാണ് ദുരന്ത പ്രതികരണ നിധിയിൽ നിന്ന് |

| | | |
|---|---|---|
| | | സഹായത്തിന് അർഹമായ പ്രകൃതിദുരന്തങ്ങളായി അംഗീകരിച്ചിട്ടുള്ളവ. ദുരന്തങ്ങളോട് സമയോചിതമായി പ്രതികരിക്കുന്നതിനും ആസൂത്രണത്തിനുമായി 2005 ലെ ദുരന്ത നിവാരണ നിയമം അടിസ്ഥാനമാക്കി സംസ്ഥാന മുഖ്യമന്ത്രി ചെയർമാനും, റവന്യൂ വകുപ്പ് മന്ത്രി വൈസ് ചെയർമാനുമായി ദുരന്ത നിവാരണ അതോറിറ്റിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്. കൂടാതെ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനും, റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കൺവീനറുമായി സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റിയും പ്രവർത്തിക്കുന്നു. ജില്ലകളിൽ കളക്ടർ ചെയർമാനും, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കോ ചെയർമാനുമായി ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയും പ്രവർത്തിച്ചുവരുന്നു. റിമോട്ട് സെൻസിംഗ്, ജിയോഗ്രാഫിക്കൽ ഇൻഫർമേഷൻ സിസ്റ്റംസ്, ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം എന്നീ ആധുനിക സാങ്കേതിക ഉപകരണങ്ങളുടെ സഹായത്താൽ ദുരന്തങ്ങളെക്കുറിച്ച് പഠനം നടത്തുന്നതിന് ദുരന്ത നിവാരണ അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ സ്റ്റേറ്റ് എമർജൻസി ഓപ്പറേഷൻസ് സെന്റർ പ്രവർത്തിച്ചു വരുന്നു. ദുരന്തങ്ങൾ നേരിടുന്നതിനായി സ്ഥിതിഗതികൾ വിലയിരുത്തുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും ലാന്റ് റവന്യൂ കമ്മീഷണറേറ്റിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന സംസ്ഥാന തല കൺട്രോൾ റൂമും, ജില്ലാ കളക്ടറേറ്റുകളിൽ ജില്ലാ തല കൺട്രോൾ റൂമുകളും പ്രവർത്തിച്ച് വിവിധ വകുപ്പുകളുടെ ഏകോപനം ഉറപ്പുവരുത്തുന്നു. അടിയന്തിര ഘട്ടങ്ങളിൽ ജില്ലാ തലത്തിൽ വിവിധ വകുപ്പുകളുടെ ഏകോപനവും പൊതുജന പങ്കാളിത്തവും ഉറപ്പുവരുത്തക്ക വിധത്തിൽ പ്രവർത്തിക്കുന്നതിനാവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങളടങ്ങിയ ജില്ലാ ദുരന്ത നിവാരണ പ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ട്. സംസ്ഥാന തലത്തിലുള്ള പ്ലാൻ തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ